# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1303 03.10.2016- ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ പുനരധിവാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.പി.വി. അൻവർ | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| (എ) സംസ്ഥാന സമ്പദ്ഘടനയുടെ വളർച്ചയ്ക്ക് പ്രധാന പങ്കുവഹിച്ച പ്രവാസികൾക്ക് അവർ മടങ്ങിവരാൻ നിർബന്ധിതരാകുന്ന സാഹചര്യത്തിൽ പുനരധിവാസം ഒരുക്കാൻ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | എ) വിദേശരാജ്യങ്ങളിൽ നിന്നും വിവിധ സാഹചര്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന മലയാളികൾക്ക് സുസ്ഥിര വരുമാന മാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക എന്ന ഉദ്ദേശ്യത്തോടെ പ്രവാസി കാര്യ വകുപ്പ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പുനരധിവാസപദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br>ചുരുങ്ങിയത് രണ്ടു വർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധനചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല്പ വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി. |

| | | | |
|---|---|---|---|
| (ബി) | സ്വയം തൊഴിൽ രംഗത്തേയ്ക്ക് കടന്നു വരാൻ താല്പര്യമുള്ളവർക്കായി സാങ്കേതിക പരിശീലനം , പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ വായ്പയും സബ്സിഡിയും ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ പതിപ്പിക്കുമോയെന്ന് വ്യക്തമാക്കാമോ; | ബി) | നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയിൻ കീഴിൽ അപേക്ഷിക്കുന്നവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച് ഏകദിന ബോധവൽക്കരണ ക്ലാസ്സ് എല്ലാ ജില്ലകളിലും മാസത്തിലൊരിക്കൽ നടത്തിവരുന്നുണ്ട്. അതാത് മാസങ്ങളിൽ നടക്കുന്ന സ്ക്രീനിംഗ് കമ്മിറ്റിയിൽ പ്രസ്തുത അപേക്ഷകൾ പരിശോധിക്കുകയും പ്രഥമദൃഷ്ട്യാ അർഹമെന്ന് കണ്ടെത്തുന്ന അപേക്ഷകൾ അതാത് ബാങ്ക് ബ്രാഞ്ചിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിൽ ശുപാർശ ചെയ്യപ്പെടുന്ന അപേക്ഷകളിന്മേൽ ബാങ്ക് ലോൺ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി തുക നല്കുന്നതാണ്. ഗുണഭോക്താക്കൾക്ക് 15% മൂലധന സബ്സിഡിയും 3% പലിശ സബ്സിഡിയും നല്കുന്നതാണ്. |
| (സി) | കാർഷിക മേഖലയിലും ,തൊഴിൽ മേഖലയിലും ആധുനികവത്കരണവും, യന്ത്ര വൽക്കരണവും നടപ്പാക്കി , മടങ്ങി വരുന്ന തൊഴിൽ ശക്തിയുടെ ഗണ്യമായ പങ്കിനെ ആഗിരണം ചെയ്യാൻ ഈ മേഖലകളെ പ്രാപ്തമാക്കാനുള്ള പദ്ധതി ആവിഷ്കരിക്കുമോ;വിശദമാക്കാമോ? | (സി) | ജോലി നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി NDPREM പദ്ധതി പ്രകാരം താഴെപ്പറയുന്ന മേഖലകൾ ആണ് തെരഞ്ഞെടുത്തിരിക്കുന്നത്.<br><br>• കാർഷിക വ്യവസായങ്ങൾ (ഇറച്ചിക്കോഴി വളർത്തൽ, മുട്ടക്കോഴി വളർത്തൽ) മത്സ്യകൃഷി/ഉൾനാടൻ മത്സ്യം വളർത്തൽ, അലങ്കാര മത്സ്യം വളർത്തൽ), പാലിനുവേണ്ടിയുള്ള കാലി വളർത്തൽ, ഭക്ഷ്യോൽപ്പാദന നിർമ്മാണം, സംയോജിത കൃഷി, ഫാം ടൂറിസം, ആടുവളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവ<br>• കച്ചവടം (പൊതു വ്യാപാരം)<br>• സേവനങ്ങൾ- (റിപ്പയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി |

സർവ്വീസുകൾ, ഹോം സ്റ്റേ തുടങ്ങിയവ)

- ഉല്പാദനം- ചെറുകിട-ഇടത്തരം സംരംഭങ്ങൾ(പൊടിമില്ലുകൾ, ബേക്കറി ഉല്പന്നങ്ങൾ, ഫർണീച്ചറും തടി വ്യവസായവും, സലൂണുകൾ, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ)

തിരികെയെത്തി സംരംഭകരാകാൻ ആഗ്രഹിക്കുന്ന പ്രവാസികൾക്ക് മുകളിൽ പറയുന്ന മേഖലകളിൽ താത്പര്യമായത് തെരഞ്ഞെടുക്കുവാൻ സാധിക്കുന്നതാണ്. ഈ മേഖലകളിൽ ആവശ്യമായ സാങ്കേതിക പരിജ്ഞാനവും ബോധവൽക്കരണവും ഗുണഭോക്താവിന് നല്കി സ്വയം തൊഴിൽ സംരംഭങ്ങൾക്കായി ബാങ്ക് വായ്പ ലഭ്യമാക്കുന്നതിലൂടെ കാർഷിക-കച്ചവട-ഉല്പാദന മേഖലകളിലേക്ക് മടങ്ങി വരുന്ന തൊഴിൽ ശക്തിയുടെ ഗണ്യമായ പങ്കിനെ ആഗിരണം ചെയ്യാൻ സാധിക്കുന്നുണ്ട്.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**